**പോലീസ് വകുപ്പ്**

**കേരളം**

**No. B1-23362/2023/N**

ജില്ലാ പോലീസ് ഓഫീസ്,
പത്തനംതിട്ട
✉sppta.pol@kerala.gov.in
📞04682222630
തീയതി. 08-01-2025

**ലേല പരസ്യം**

ആറന്മുള പോലീസ് സ്റ്റേഷൻ പരിസരത്ത് മുറിച്ചു സൂക്ഷിച്ചിരിക്കുന്ന ആഞ്ഞിലി, പ്ലാവ്, ചാര്, തേക്ക് എന്നിവ ചുവടെ ചേർത്തിരിക്കുന്ന പ്രകാരം 17/01/2025 തീയതിയിൽ രാവിലെ 10.30 മണിക്ക് ആറന്മുള പോലീസ് സ്റ്റേഷൻ പരിസരത്ത് വെച്ച് പൊതു ലേലം ചെയ്യുവാൻ തീരുമാനിച്ചിരിക്കുന്നു .

| ക്രമ നം | ഇനം | നീളം സെ.മീ | വണ്ണം സെ.മീ | തടിയുടെ അളവ് ( എം 3) | വിറക്( എം ടി) |
|---|---|---|---|---|---|
| 1 | തേക്ക് | - | 120 | 0.495 | 0.220 |
| 2 | തേക്ക്( തടി കഷണങ്ങൾ ) | 100 | 148 | 0.137 | - |
| 3 | | 1100 | 1050 | 0.758 | - |
| 4 | തേക്ക് ( വിറക് ) | - | - | - | 0.250 |
| 5 | ആഞ്ഞിലി | - | 155 | 1.29 | - |
| 6 | | - | 127 | 1.028 | - |
| 7 | | - | 275 | 3.781 | - |
| 8 | | | 125 | 0.635 | - |
| 9 | | | 125 | 0.713 | - |
| 10 | | | 85 | 0.122 | - |
| 11 | | | 115 | 0.430 | - |
| 12 | | | 125 | 0.283 | - |
| 13 | | | 120 | 0.351 | - |
| 14 | പ്ലാവ് | | 115 | 0.405 | - |
| 15 | | | 165 | 1.361 | - |
| 16 | ചാര് | | | | 10.00 |

പ്രസ്തുത ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർക്ക് ലേലത്തീയതിക്ക് മുൻപുള്ള

പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 11 മണി മുതൽ 4 മണി വരെയുള്ള സമയങ്ങളിൽ ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥരുടെ അനുമതിയോടുകൂടി മേൽ പരാമർശിച്ചിട്ടുള്ള മരങ്ങൾ പരിശോധിക്കാവുന്നതും ലേല ദിവസം നിശ്ചിത സമയത്ത് നേരിട്ട് ഹാജരായി നിരതദ്രവ്യം അടച്ച് ഒരുമിച്ചോ ഓരോന്നായോ ലേലം വിളിച്ചെടുക്കാവുന്നതാണ്. ലേലത്തിൽ പരാജയപ്പെടുന്നവർക്ക് ലേലം കഴിഞ്ഞ ഉടൻതന്നെ നിരതദ്രവ്യം തിരികെ നൽകുന്നതും ഉയർന്ന ലേലത്തുക നൽകുവാൻ തയാറാകുന്ന വ്യക്തിയുടെ നിരതദ്രവ്യം താൽകാലികമായി സെക്യൂരിറ്റി ഡെപ്പോസിറ്റായി കണക്കാക്കുകയും മേൽ ഓഫീസിൽ നിന്നുള്ള അനുമതി പ്രകാരം ലേലം സ്ഥിരപ്പെടുത്തി നൽകുന്നതുമായിരിക്കും.

ലേലം സ്ഥിരപ്പെടുത്തി കിട്ടിയ വ്യക്തി ലേലത്തുകയുടെ 5% തുക സ്വന്തം പേരിൽ ‘0406- 01-101-96-00-00-07 FDT’ എന്ന സർക്കാർ ശീർഷകത്തിൽ ഡിവിഷൻ കോഡ് 0510250003 ആയി ചെലാൻ മുഖാന്തരം വനവികസന നികുതിയായി ഒടുക്കി അസ്സൽ ചലാൻ ലേലക്കമ്മിറ്റിക്ക് മുൻപാകെ ഹാജരാക്കേണ്ടതാണ്. ലേലത്തുകയും വനവികസന നികുതിയും കൂടിച്ചേർന്ന തുകയുടെ 18% GST യും സെക്യൂരിറ്റി ഡെപ്പോസിറ്റ് ഒഴിച്ചുള്ള ബാക്കി ലേലത്തുകയും കൂടി ലേലക്കമ്മിറ്റിക്ക് മുൻപാകെ ഒടുക്കേണ്ടതാണ് (വിറകിന് GST ബാധകമല്ല). ലേലം കൊണ്ട മരങ്ങൾ സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും ലേലം സ്ഥിരപ്പെടുത്തി നൽകുന്ന തിയതി മുതൽ രണ്ടാഴ്ച്ചക്കുള്ളിൽ കൊണ്ടു പോകേണ്ടതാണ്.

മേൽപ്പറഞ്ഞിട്ടുള്ള ലേല വ്യവസ്ഥകൾക്ക് വിരുദ്ധമായി പ്രവർത്തിച്ചാൽ ലേലം കൊണ്ടയാൾ അതുവരെ അടച്ച മുഴുവൻ തുകയും സർക്കാരിലേക്ക് മുതൽക്കൂട്ടുന്നതും ടി മരങ്ങൾ പുനർലേലം ചെയ്യുന്നതുമാണ്.ഇപ്രകാരം നടത്തുന്ന പുനർലേലത്തിൽ സർക്കാരിന് നഷ്ടം സംഭവിക്കുന്ന പക്ഷം സർക്കാരിന് നഷ്ടമാകുന്ന തുക മുൻ ലേലക്കാരനിൽ നിന്നും ഈടാക്കുന്നതും മറിച്ച് കൂടുതലായി ലേല തുക ലഭിക്കുകയാണെങ്കിൽ അധിക ലേലത്തുകയിൽ മുൻപ് ലേലം കൊണ്ടയാൾക്ക് യാതൊരു വിധത്തിലുള്ള അവകാശവും ഉണ്ടായിരിക്കുന്നതുമല്ല.

യാതൊരു അറിയിപ്പും കൂടാതെ ലേലം മാറ്റി വെക്കുന്നതിനും അസ്ഥിരപ്പെടുത്തുന്നതിനുമുള്ള അധികാരം പത്തനംതിട്ട ജില്ലാ പോലീസ് മേധാവിയിൽ നിക്ഷിപ്തമായിരിക്കും. ലേലം സംബന്ധിച്ച എല്ലാ സർക്കാർ വ്യവസ്ഥകളും ഈ ലേലത്തിനും ബാധകമായിരിക്കും.

വിനോദ് കുമാർ വി ജി IPS
ജില്ലാ പോലീസ് മേധാവി

സ്വീകർത്താവ് : 1) സംസ്ഥാന പോലീസ് മേധാവി, കേരളം : അറിവിലേക്കായി( ആമുഖ കത്ത് സഹിതം) 2) എ ഡി ജി പി ( എൽ & ഓ ) : അറിവിലേക്കായി 3) എല്ലാ ജില്ലാ പോലീസ് മേധാവിമാർക്കും : അറിവിലേക്കും വ്യാപക പരസ്യത്തിനുമായി 4) സൂപ്രണ്ട്, ഗവൺമെന്റ് പ്രസ്സ്, തിരുവനന്തപുരം : ഇ-ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി( ആമുഖ കത്ത് സഹിതം ) 5) ജില്ലാ പബ്ലിക് ഇൻഫർമേഷൻ ഓഫീസർ : പത്രങ്ങളിൽ വിശാല പരസ്യം നൽകുന്നതിനായി 6) എല്ലാ എസ് എച്ച് ഓ മാർക്കും : വ്യാപക പരസ്യത്തിനുമായി

പകർപ്പ് : ലേല കമ്മിറ്റി അംഗങ്ങൾക്ക് : തുടർ നടപടികൾക്കായി